പൊതുഭരണവും ധനകാര്യവും
(കണക്കുകൾ രേഖകള് എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ മുതലായവ)

ആമുഖം

മാടായി ഗ്രാമപഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം ഘട്ടപദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. വിവിധ കർമ്മ പരിപാടിയുടെ ഭാഗമായി കാർഷിക മേഖലയിലും, പാശ്ചാത്തല മേഖലയിലും ദാരിദ്ര്യ ലഘൂകരണ മേഖലയിലും മത്സ്യമേഖലയിലും, ആരോഗ്യ മേഖലയിലും വളരെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. നവകേരളമിഷൻ പ്രവർത്തനങ്ങളിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്), സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്നിവ ഉൾക്കൊള്ളിച്ചുള്ള പദ്ധതികളിൽ പതിനാലാം പഞ്ചവത്സര പദ്ധതി രണ്ടാം ഘട്ടവും വരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനമില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും പശ്ചാത്തല വികസന രംഗത്തും മുന്നേറാനും ഗ്രാമിണ റോഡുകൾ വലിയ തോതിൽ ഗതാഗതയോഗ്യമാക്കുവാനും സാധിച്ചിട്ടുണ്ട് . മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ റോഡുകളും നടപ്പാതകളും ഡ്രൈനേജുകളും പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട് .

ദീർഘവീക്ഷണത്തോടെയുള്ള കർമ്മ പരിപാടിയുടെ ഭാഗമായി കാർഷിക മേഖലയിലും, പാശ്ചാത്തല മേഖലയിലും, ദാരിദ്ര്യ ലഘൂകരണ മേഖലയിലും, വിദ്യാഭ്യാസ, ആരോഗ്യ, പട്ടികജാതി വികസന മേഖലയിലും മത്സ്യമേഖലയിലും പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കർമ്മസമിതി അംഗങ്ങൾ, എന്നിവരുടെയും സുത്യർഹമായ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ് . വരും വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നതിന് ഏല്ലാവരുടെയും സ്നേഹവും സഹകരണവും അഭ്യർത്ഥിച്ചു. 2023–24 വർത്തെ അവസ്ഥാരേഖ പരിഗണനക്കായി സമർപ്പിക്കുന്നു.

നിലവിലുള്ള അവസ്ഥ

1960 ൽ രൂപീകൃതമായ മാടായി ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 16.17 ച.മീ ആണ്. കിഴക്ക് ഏഴോം, ചെറുകുന്ന് പഞ്ചായത്തുകളും തെക്ക് മാട്ടൂൽ പഞ്ചായത്തും,പടിഞ്ഞാറ് രാമന്തളി പഞ്ചായത്തും വടക്ക് ചെറുതാഴം ഗ്രാമപഞ്ചായത്തും സ്ഥിതി ചെയ്യുന്നു. അന്ന് സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന

ഗ്രാമപഞ്ചായത്ത് ആയിരുന്നെങ്കിലും എന്നാൽ ഇന്ന് സാമ്പത്തിക സ്ഥിതിയും അടിസ്ഥാന സൗകര്യങ്ങളും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ ഫ്രണ്ടാഫീസ് സംവിധാനം നല്ല മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 2022 ഏപ്രിൽ 1 മുതൽ ഇംപ്ലിമെന്റ് ചെയ്ത ഐ.എൽ.ജി.എം.എസ്.സോഫ്റ്റ് വേയർ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഓഫീസിലേക്കും, ഘടക സ്ഥാപനങ്ങളിലേക്കും പുതിയ കമ്പ്യൂട്ടറുകളും, പ്രിന്ററും വാങ്ങിയും ഐ.എൽ.ജി.എസ്, ഫ്രണ്ടാഫീസ് പ്രവർത്തനവും മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഫ്രണ്ടാഫീസിൽ രണ്ട് കൗണ്ടറുകൾ പ്രവർത്തിപ്പിച്ച് ജനങ്ങളുടെ തിരക്ക് കുറക്കുന്നതിനും ജനങ്ങൾ ഓഫീസിൽ വരാതെ തന്നെ കൂടുതൽ ഓൺലൈൻ ഉപയോഗപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഫ്രണ്ടാഫീസിൽ യുപിഐ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സഹായത്തോടെ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററും ഫ്രണ്ടാഫീസിന് അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട്. റോഡ് വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനാൽ കൂടുതൽ മെച്ചപ്പെട്ട സംവിധാനം വരുത്തുന്നതിന് സാങ്കേതിക പ്രശ്നം നേരിടുന്നുണ്ട്.

മാടായി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

1. മുട്ടം പ്രാഥമികാരോഗ്യ കേന്ദ്രം
2. ഫിഷറീസ് കുടുംബാരോഗ്യ കേന്ദ്രം

മാടായി ഗ്രാമപഞ്ചായത്തിന്റെ രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സാധാരണ ജനങ്ങളും മത്സ്യതൊഴിലാളികളും നല്ലരീതിയിൽ ആശ്രയിക്കുന്നുണ്ട്.

മറ്റു സ്ഥാപനങ്ങൾ

1. വെറ്റിനറി ഡിസ്പൻസറി
2. ഹോമിയോ ഡിസ്പൻസറി
3. ആയുർവേദ ഡിസ്പൻസറി
4. ഗവ.വെൽഫയർ യു.പി.എസ് വെങ്ങര
5. ഗവ.മാപ്പിള യു പി സ്കൂൾ പഴയങ്ങാടി
6. ഗവ.മാപ്പിള യു പി സ്കൂൾ മാടായി
7. കൃഷി ഓഫീസ് മാടായി
8. ഐ.സി.ഡി.എസ് ഓഫീസ്
9. വിഇഒ ഓഫീസ്
10. കുടുംബശ്രീ ഓഫീസ്

മാടായി ഗ്രാമപഞ്ചായത്തിൽ നിലവിൽ സെക്രട്ടറി(1),അസിസ്റ്റന്റ് സെക്രട്ടറി(1), ജൂനിയർ സൂപ്രണ്ട്(1) ,സീനിയർ ക്ലാർക്ക് (4), ക്ലാർക്ക് (5), ഓഫീസ് അറ്റന്റന്റ്(2), പാർട്ട് സ്വീപ്പർ (2), പാർട്ടൈം പൗണ്ട് കീപ്പർ (1) ഫുൾടൈം സ്വീപ്പർ (2,വാക്കന്റ് 1), ഡ്രൈവർ (1) എന്നീ സ്ഥിരം തസ്തികകൾ നിലവിലുണ്ട്.

കൂടാതെ കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും താഴെ പറയുന്ന ജീവനക്കാരും പ്രവർത്തിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് എഞ്ചിനീയർ(1), ഓവർസിയർ(1), അക്കൗണ്ടന്റ് കം ഡാറ്റഎൻട്രി ഓപ്പറേറ്റർ(1) എന്നിവരും ധനകാര്യ കമ്മീഷൻ ഗ്രാന്റ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രൊജക്റ്റ് അസിസ്റ്റന്റും ഇഗവേർണൻസ് പ്രവർത്തനത്തിന് സഹായിക്കാൻ ഒരു ടെക്നിക്കൽ അസിസ്റ്റന്റും കുടുംബശ്രീ പ്രവർത്തനങ്ങളെ സഹായിക്കാൻ അക്കൗണ്ടന്റും സാക്ഷരതാ പ്രവർത്തനങ്ങൾ നടത്താൻ പ്രേരക്മാരും , എസ് സി പദ്ധതി പ്രവർത്തനം നടത്താൻ പ്രമോട്ടറും, ശുചിത്വ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഹെൽത്ത് ഇസ്പെക്ടറും, വിമൺ ഫെസിലിറ്റേറ്ററും ജോലി ചെയ്തു വരുന്നുണ്ട്.

വികസന വിടവുകൾ/വെല്ലുവിളികൾ

മാടായി ഗ്രാമപഞ്ചായത്ത് ജനസംഖ്യ അടിസ്ഥാനത്തിലും വിസ്തീർണ്ണത്തിലും വളരെ വലിയ പഞ്ചായത്താണ്. സാമ്പത്തിക പരമായി വളരെ പിന്നോക്കം നിൽക്കുന്നതും, ഒരുപാട് മത്സ്യത്തൊഴിലാളികളും തിങ്ങിപാർക്കുന്ന തീരദേശ പഞ്ചായത്ത് കൂടിയാണ് മാടായി. പഞ്ചായത്തിന്റെ തനത് വരുമാനം പ്രധാനമായും ആശ്രയിച്ചിരുന്നത് കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് വസ്തുകൈമാറ്റ നികുതി എന്നിവയായിരുന്നു. ഗ്രാമപഞ്ചായത്ത് തീരദേശ പഞ്ചായത്ത് ആയതിനാൽ CRZ പരിധിയിൽപ്പെട്ട് ഒരുപാട് പാവപ്പെട്ട ജനങ്ങൾക്ക് വീട് നിർമ്മിച്ചു കെട്ടിടനമ്പർ ലഭ്യമാവാത്ത അവസ്ഥയാണുള്ളത്. പഞ്ചവത്സര പദ്ധതി രണ്ടാം വർഷം ദുരന്തങ്ങളുടെ ആഘാതം വളരെ കുറവ് തന്നെയാണ് അനുവഭപ്പെട്ടിരുന്നത്. റോഡ് വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റേണ്ടതിനാൽ വാടക കെട്ടിടത്തിലേക്ക് മാറുന്നതും പുതിയ കെട്ടിടം സ്ഥലം കണ്ടെത്തിയെങ്കിലും പുതിയ കെട്ടിടം പണിതുയർത്തുന്നത് വരെ ഫണ്ടിന്റെ ലഭ്യത ഉൾപ്പെടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളി തന്നെയാണ്.

കാലാവസ്ഥാ വ്യതിയാനം ഗ്രാമപഞ്ചായത്തിൽ നിത്യജീവിതത്തെയും, കാർഷികമേഖലയെയും സാരമായി ബാധിക്കുന്നു. കാലാവസ്ഥ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ അവയെ നേരിടാനുള്ള മാർഗ്ഗങ്ങൾ ആയത് ഒരു വെല്ലുവിളി തന്നെയാണ്.

പ്രശ്ന വിശകലനവും പരിഹാര മാർഗ്ഗങ്ങളും

ഫ്രണ്ട്ഓഫീസ് സംവിധാനത്തിലും ഓഫീസ് പ്രവർത്തനത്തിലും പല സോഫ്റ്റ് വേയറുകളും വെബ് അധിഷ്ഠിത സോഫ്റ്റ് വേയറിലേക്ക് മാറ്റിയത് സർവ്വർ സംബന്ധിച്ച സേവനം നൽകുന്നത് പൂർണ്ണമായും നിലച്ചുപോകുന്ന അവസ്ഥ ഇല്ലാതെയായിട്ടുണ്ട്. ജനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് കുറേയേറെ മാറിയതിനാലും കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളിലും സേവനം നൽകുന്നതിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ നിലവിലെ പ്രശ്നം കെ.എസ്.ടി.റോഡ് വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്താഫീസ് കെട്ടിടം പൊളിച്ചു മാറ്റും എന്നതിലാണ്. വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത കെട്ടിടത്തിന്റെ വയറിംഗ്, നെറ്റ് വർക്കിംഗ് പ്രവൃത്തി ഉൾപ്പെടെ നടത്തേണ്ടയായിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് വാടക കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം തുടങ്ങി, പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ച് കെട്ടിടം നിർമ്മാണം തുടങ്ങിയാൽ മാത്രമേ ആയത് പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ആയത് റിപ്പേർ ചെയ്യുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനും എല്ലാ വർഷവും നല്ലൊരു തുക തന്നെ വകയിരുത്തേണ്ടതാണ്. നിലവിലുള്ളത് റിപ്പേർ ചെയ്യുന്നതിന് 2023-24 ൽ എ.എം.സി.പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ ആയതിന് പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ നിലവിലെ സ്ട്രീറ്റ് ലൈറ്റ്/സ്ട്രീറ്റ് ടാപ്പ്

സ്ട്രീറ്റ് ലൈറ്റ് -2284 സ്ട്രീറ്റ് ലൈറ്റ്

സ്ട്രീറ്റ് ടാപ്പ് -162

ഫോറം 3

പതിനാലാം പഞ്ചവത്സര പദ്ധതി

പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

തദ്ദേശഭരണ സ്ഥാപനത്തിന്റെ: മാടായി ഗ്രാമപഞ്ചായത്ത്

വാർഷിക പദ്ധതി: 2023 – 2024

വർക്കിംഗ് ഗ്രൂപ്പ് പേര്: പൊതുഭരണവും ധനകാര്യവും

ക്രമനമ്പർ	പ്രശ്നങ്ങൾ	പ്രശ്നബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത () ചെയ്യുക			പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രശ്നങ്ങൾ എന്തെല്ലാം ?			
			ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ	കീഴ്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾതട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1	നിലവിലുള്ള പഞ്ചായത്തോഫീസ് കെട്ടിടം പഴയങ്ങാടി പാലം നിർമാണത്തിനായി പൊളിച്ച് മാറ്റുന്നത്	മാടായി			✓	പുതിയ പാലം നിർമാണം കാരണം കെട്ടിടം പൊളിച്ച് മാറ്റുന്നത് .പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത നിർമാണ കാലയളവ്	തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്			കെട്ടിട നിർമാണത്തിനായി സാമ്പത്തിക സഹായം

2024-25 വികസന ലക്ഷ്യങ്ങളും /തന്ത്രങ്ങൾ

പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടം നഷ്ടമാകുന്നതാണ് നമ്മൾ നേരിടുന്ന പ്രധാന വെല്ലുവിളി. സമയബന്ധിതമായി ആധുനിക രീതിയിലുള്ള കെട്ടിടം നമുക്ക് പണിയേണ്ടതായിട്ടുണ്ട്. ആയത് തയ്യാറാക്കുന്നത് വരെ വാടക കെട്ടിടം ആവശ്യമായ രീതിയിൽ തയ്യാറാക്കി പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. പുതിയ കെട്ടിടം പണിയുന്നതിന് തനത് ഫണ്ടിൽ നിന്നും ആദ്യഘട്ട ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ശിലാസ്ഥാപനം നടത്തി പ്രവൃത്തി ആരംഭിക്കേണ്ടതായിട്ടുണ്ട്.

ഫോറം എ

പതിനാലാം പഞ്ചവത്സര പദ്ധതി

2024–25 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതു ഭരണവും ധനകാര്യവും

ക്രമനമ്പർ	മേഖല/ഉപമേഖല	പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്)	സൂചിക	2022–ലെ അവസ്ഥ	2027 ലെ ലക്ഷ്യം (14–ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്)	2022–23 ൽ കൈവരിച്ച നേട്ടം	2023–24 ൽ പ്രതീക്ഷിക്കുന്ന നേട്ടം	2024–25 ലെ ലക്ഷ്യം	2024–25 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
1	പൊതു ഭരണം	പഞ്ചായത്തോഫീസിന് പുതിയ കെട്ടിട നിർമ്മാണം	കെട്ടിടം റോഡ് വികസനത്തിന്റ ഭാഗമായി പൊളിച്ച് മാറ്റണം	പുതിയ പാലത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്.	പുതിയ കെട്ടിട നിർമാണ പ്രരംഭ പ്രവർത്തനം/പൂർത്തീകരണം	പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് സ്ഥലം കണ്ടെത്തൽ	മാടായി പാറയിൽ പഞ്ചായത്തിന്റെ സ്ഥലത്ത് ശിലാസ്ഥാപനം	പുതിയ കെട്ടിട നിർമാണ പ്രരംഭ പ്രവർത്തനം ആരംഭിക്കൽ	വാർഷിക പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. സംയോജന സാധ്യതകളിലൂടെ തുക കണ്ടെത്തണം
2	പൊതു ഭരണം	വിവിധ ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടണം	ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഇല്ല	ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഇല്ല	വിവിധ ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടണം	ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഇല്ല	ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഇല്ല	ഘടക സ്ഥാപനങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടണം	ആവശ്യമായ നടപടികൾ സ്വീകരിക്കണം വാർഷിക പദ്ധതിയിൽ ഉൾപെടുത്തണം

സംയോജന സാദ്ധ്യതകൾ

മാടായി ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും പുതിയ പദ്ധതിക്കാലത്തേക്ക് പദ്ധതികൾ തയ്യാറാക്കുകയും ചെയ്ത് വരുന്നുണ്ട്. പദ്ധതി ഫണ്ടുകൾക്ക് പുറമെ മറ്റ് ഫണ്ടുകളും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്, നികുതി നികുതിയേതര വരുമാനങ്ങൾ പരിശോധിച്ച് ഫലപ്രദമായ രീതിയിൽ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഫോറം 4

പതിനാലാം പഞ്ചവത്സര പദ്ധതി

മുൻവാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

(പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടെ)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണവും ധനകാര്യവും

വർഷം : 2022 – 2023

ക്രമ നം	പ്രൊജക്ട് നം	പ്രൊജക്ടിന്റെ പേര്	SO/NEW	GEN/SC/TSP	പ്രൊജക്ടിന്റെ അവസ്ഥ	ലക്ഷ്യം		നേട്ടം		പ്രതീക്ഷിച്ച പ്രയോജനം	കൈവരിച്ച യഥാർത്ഥ പ്രയോജനം
						സാമ്പത്തികം	ഭൌതികം	സാമ്പത്തികം	ഭൌതികം		
	8	ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകല്	NEW	GEN	പൂർത്തീകരിച്ചു	390186		390186			390186
	9	പ്രൊജക്ട് അസിസ്റ്റന്റിന് വേതനം നൽകല്	NEW	GEN	പൂർത്തീകരിച്ചു	267875		267875			267875
	12	എം സി എഫ് ലേക്ക് ബെയിലിംഗ് മിഷ്യൻ വാങ്ങല്	NEW	GEN	തുടരുന്നു	500000		0			0
	30	കുടിവെള്ളക്കരം ഒടുക്കൽ	NEW	GEN	പൂർത്തീകരിച്ചു	1000000		1000000			1000000
	118	പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവ്	NEW	GEN	പൂർത്തീകരിച്ചു	58128		37455			37455
	119	ഐ കെ എം വിഹിതം നൽകല്	NEW	GEN	പൂർത്തീകരിച്ചു	150725		150725			
	120	എസ് എസ് എ വിഹിതം നൽകല്	NEW	GEN	പൂർത്തീകരിച്ചു	1650000		1650000			

	124	സ്ട്രീറ്റ് ലൈറ്റ് എ എം സി	NEW	GEN	പൂർത്തീകരിച്ചു	400000		200000			
	131	ഗവ മാപ്പിള യു പി സ്കൂൾ കെട്ടിടത്തിന് വാടക	NEW	GEN	പൂർത്തീകരിച്ചു	420084		420084			
	135	പഞ്ചായത്ത് ഓഫീസിലേക്ക് കളർ പ്രിന്റർ സ്കാനർ കംമ്പ്യൂട്ടർ എന്നിവ വാങ്ങൽ	NEW	GEN	പൂർത്തീകരിച്ചു	232700		232700			
	137	പഞ്ചായത്ത് ഓഫീസിലെ കംമ്പ്യൂട്ടറുകളുടെ എ എം സി	NEW	GEN	പൂർത്തീകരിച്ചു	60000		51625			
	138	വിവിധ വർഡുകളില് ഇലക്ട്രിക്കല് ലൈൻ മാറ്റി സ്ഥാപിക്കല്	NEW	GEN	പൂർത്തീകരിച്ചു	150000		143048			
	148	പഞ്ചായത്താഫീസ് ഐ എസ് ഒ സർട്ടിഫിക്കേഷന് പ്രവർത്തനം	NEW	GEN	ഉപേക്ഷിച്ചു	60000		0			ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനാൽ
	153	ക്ലോക്കിയർ ഇംപാന്റുകള് വാങ്ങുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക ഒടുക്കൽ	NEW	GEN	പൂർത്തീകരിച്ചു	50000		50000			
	157	ജീവിതമാണ് ലഹരി ലഹരി അല്ല ജീവിതം	NEW	GEN	പൂർത്തീകരിച്ചു	25000		24800			
	160	കണ്ണൂർവിവര സഞ്ചയിക പദ്ധതി-	NEW	GEN	പൂർത്തീകരിച്ചു	100000		0			
	199	കേരളോത്സവം	NEW	GEN	പൂർത്തീകരിച്ചു	150000		119412			
	220	എബിസി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ	NEW	GEN	പൂർത്തീകരിച്ചു	150000		150000			
	229	വിവിധ വാർഡുകളില് ഇലക്ട്രിക്ക് ലൈൻ വലിക്കല്	NEW	GEN	പൂർത്തീകരിച്ചു	154500		152682			
	238	വിവിധ വാർഡുകളില് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈന് വലിക്കൽ	NEW	GEN	പൂർത്തീകരിച്ചു	1000000		572419			

	242	അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക	NEW	GEN	പൂർത്തീകരിച്ചു	1357800		1357800			
	69	ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറല്	SO	GEN	തുടരുന്നു	401571		0			

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണവും ധനകാര്യവും

വർഷം : 2023 – 2024

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
1	18	കുടിവെള്ളക്കരം ഒടുക്കൽ	NEW		2000000		1572376		
2	25	ടെക്ക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകല്	NEW		456000		309950		
3	26	പ്രൊജക്ട് അസിസ്റ്റന്റിന് വേതനം നൽകല്	NEW		300000		222157		
4	27	ഐ കെ എം വിഹിതം നൽകല്	NEW		150725		130693		
5	28	പദ്ധതി ആഘ്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവ്	NEW		400000		198841		
6	29	എസ്എസ്കെ വിഹിതം നൽകല്	NEW		1000000		1000000		

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണവും ധനകാര്യവും

വർഷം : 2023 – 2024

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
7	28	പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവ്	NEW		150725		130693		
8	29	എസ്എസ്കെ വിഹിതം നൽകല്	NEW		400000		198841		
9	30	പൌരാവകാശരേഖ പുതുക്കൽ	NEW		1000000		1000000		
10	31	ദുരന്തസേന രൂപീകരണവും അനുബന്ധ പ്രവർത്തനവും	NEW		70000		0		
11	32	സ്ട്രീറ്റ് ലൈറ്റ് എഎംസി	NEW		80000		0		
12	33	ഗവ മാപ്പിള യുപി സ്കൂൾ കെട്ടിടത്തിന് വാടക	NEW		600000		0		

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: . പൊതുഭരണവും ധനകാര്യവും

വർഷിക പദ്ധതി : 2023–24

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
13	34	എബിസി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ	NEW		150000		0		
14	35	പഞ്ചായത്ത് ഓഫീസിലെ കംമ്പ്യൂട്ടറുകളുടെ എ എം സി	NEW		75000		51625		
15	36	സ്മാർട്ട് ഐ ഫേസ് -2	NEW		275000		0		
16	37	ജീവിതമാണ് ലഹരി ലഹരി അല്ല ജീവിതം	NEW		50000		0		
17	38	വിവിധ വാർഡുകളില് ഇലക്ട്രിക്ക് ലൈൻ വലിക്കല്	NEW		54759		54759		
18	40	കേരളോത്സവം	NEW		150000		135433		

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: . പൊതുഭരണവും ധനകാര്യവും

വർഷിക പദ്ധതി : 2023–24

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
19	41	പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ സ്കാനർ കംപ്യൂട്ടർ എന്നിവ വാങ്ങൽ	NEW		174000		0		
20	43	തെരുവ് വിളക്ക് സ്ഥാപിക്കൽ	NEW		1446480		0		
21	81	പഞ്ചായത്താഫീസ് പുതിയ വാടക കെട്ടിടം നെറ്റ് വർക്കിംഗ് വയറിംഗ് ചെലവുകൾ	NEW		500000		0		
22	96	പഞ്ചായത്തിലെ മിനിമാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും റിപ്പേർ	NEW		587700		0		
23	97	പഞ്ചായത്താഫീസ് വാടക കെട്ടിടത്തിൽ മാറ്റുന്നതിനുള്ള ചെലവ്	NEW		200000		0		
24	98	പഞ്ചായത്താഫീസ് വാടക കെട്ടിടത്തിൽ ഭൌതിക സാഹചര്യം ഒരുക്കൽ	NEW		300000		0		

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: . പൊതുഭരണവും ധനകാര്യവും

വർഷിക പദ്ധതി : 2023–24

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
25	131	എരിപ്രം സുനാമി കോളനിക്കടുത്ത് കെ ഡബ്ലു എ ലൈൻ പിവിസി പൈപ്പ് മാറ്റി ജിഐപൈപ്പ് ആക്കുന്നതിന്	NEW		30000		0		
26	132	വെള്ളച്ചാൽ കെ ഡബ്ലു എ ലൈന് മാറ്റൽ	NEW		500000		0		
27	133	കണ്ണൂർവിവര സഞ്ചയിക പദ്ധതി-	NEW		1300000		16930		
28	218	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒാഫീസിലേക്ക് കംബ്യൂട്ടർ പ്ലിന്റർ വാങ്ങല്	NEW		100000		54954		
29	247	പുതിയ വാടക കെട്ടിടത്തിന് നെറ്റ് വർക്ക് സൌകര്യം ഒരുക്കല്	NEW		1400000		0		
30	250	പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നീരിക്ഷണ ക്യാമറ സ്ഥാപിക്കൽ	NEW		1000000		0		

ഫോറം 6

പതിനാലാം പഞ്ചവത്സര പദ്ധതി

ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണവും ധനകാര്യവും 2024–25 വാർഷിക പദ്ധതി

ക്രമനം	നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ പേര്	ലക്ഷ്യങ്ങൾ എന്തെല്ലാം	ഗുണഭോക്തൃവിഭാഗം, എണ്ണം, ഗുണഭോക്തൃപ്രദേശം ഏത്	പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം? എത്ര അളവിൽ(2)	വികസന ഫണ്ട്	മെയിന്റനൻസ് ഫണ്ട്	തനത് ഫണ്ട്	കേന്ദ്രാവിഷ്കൃതം	സംസ്ഥാനാവിഷ്കൃതം	വായ്പ	ഗുണഭോക്തൃവിഹിതം	മറ്റുള്ളവ	ആകെ അടങ്കൽ
1	കുടിവെള്ളക്കരം ഒടുക്കൽ						2200000						2200000
2	ഐ കെ എം വിഹിതം നൽകല്				150725		20000						170725
3	എസ് എസ് കെ വിഹിതം നൽകല്				500000								500000

4	പൊരാവകാശ രേഖ പുതുക്കൽ						70000						70000
5	ദുരന്തസേന രൂപീകരണവും അനുബന്ധപ്രവർത്തനവും						80000						80000
6	സ്ട്രീറ്റ് ലൈറ്റ് എ എം സി				100000		500000						600000
7	കേരളോത്സവം						150000						
8	ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ							400000					400000
9	സ്മാർട്ട് ഐ ഫേസ് -3							250000					250000
10	തെരുവ് വിളക്ക് സ്ഥാപിക്കൽ						125000	1075000					120000
11	മാടായി പാറയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ						116000	411000					
12	ഗവ മാപ്പിള യുപി സ്കൂൾ കെട്ടിടത്തിന് വാടക								420084				420084

13	എബിസി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ				150000								150000
14	പഞ്ചായത്ത് ഓഫീസിലെ കംമ്പ്യൂട്ടറുകളുടെ എ എം സി						75000						75000
15	വാതിൽപ്പടി സേവനം						100000						100000
17	ജീവിതമാണ് ലഹരി ലഹരി അല്ല ജീവിതം						50000						50000
20	പഞ്ചായത്തിലെ മിനിമാസ്റ്റ് ലൈറ്റും ഹൈമാസ്റ്റ് ലൈറ്റും റിപ്പേർ						400000						400000
22	വിവിധ വാർഡുകളില് ഇലക്ട്രിക്ക് ലൈൻ വലിക്കൽ				1000000								1000000

കൃഷി (ഉൽപ്പന്ന സംഭരണവും, സംസ്കാരവും,വിപണനവും ഉൾപ്പെടെ)

ആമുഖം

മാടായി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാന മാർഗ്ഗം. കൃഷിയായിരുന്നു ഇവിടുത്തെ മുഖ്യവിളയായി തെങ്ങും, നെല്ലും, ഇടവിളകളായി വാഴ, കമുങ്ങ്, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തു വരുന്നു. ആദ്യകാലങ്ങളിൽ കൃഷി ആദായകരമായി നടത്തപ്പെട്ടിരുന്നു. പ്രകൃതിക്കിണങ്ങിയ നാടൻകൃഷി മാർഗ്ഗങ്ങളാണ് ആദ്യകാലങ്ങളിൽ നടത്തപ്പെട്ടിരുന്നത്. ജലസേചനത്തിലും ജലമാർഗ്ഗത്തിനും ഉതകുന്ന തരത്തിൽ തോടുകളും കുളങ്ങളും സംരക്ഷിക്കപ്പെടുകയും കാർഷിക മേഖലയുടെ ജീവൻ തുടിപ്പിക്കുന്ന സിരാ-ധമനികളായി നിലനിർത്തപ്പെടുകയും ചെയ്തു പോന്നു. നാടിനു വേണ്ടി സമ്പത്ത് ഉല്പാദിപ്പിക്കുന്നവരാണെന്ന് നിലയിൽ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും സമൂഹത്തിൽ പരിഗണന നൽകപ്പെട്ടിരുന്നു.

ഭൂപ്രകൃതി വിഭാഗങ്ങൾ

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ മാടായി ഗ്രാമപഞ്ചായത്തിനെ പഞ്ചായത്തിനെ 6 ആയി തരം തിരിക്കാം.

1. പുഴയോട് ചേർന്ന ചതുപ്പ് നിലം.
2. വെളുത്ത പൂഴിമണ്ണുള്ള തീരസമതലം.
3. പൂഴിയും ഏക്കലും ചേർന്ന വയൽ സമതലം
4. ചരൽമണ്ണുള്ള കുന്നിൻ ചെരിവും തടങ്ങളും
5. മേൽത്തട്ടിലെ ചെങ്കൽ പാറ പ്രദേശം
6. കുന്നിൻ ചെരിവിലെ വനം

മാടായി ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗവും വയലേലകളും തെങ്ങിൻ തോപ്പുകളും നിറഞ്ഞ സമതലങ്ങളാണ്. കിഴക്ക് ഭാഗം പീഠഭൂമിയായി നിലകൊള്ളുന്ന മാടായിപ്പാറ. പാറയിൽ തടങ്ങളും ചെരിവുകളും പുഴയോരങ്ങളിൽ കുറച്ചു ഭാഗം ചതുപ്പുനിലം.

കിഴക്ക് പഴയങ്ങാടി പുഴ, തെക്ക് അറബിക്കടൽ, പടിഞ്ഞാറ് പാലക്കോട്-കുന്നരുപ്പുഴ, വടക്ക് ചെമ്പല്ലിക്കുണ്ട്-രാമപുരം പുഴ എന്നിവ പഞ്ചായത്തിനെ വയലം ചെയ്യുന്നു. ഏഴോം കുന്നുമായും മാട്ടൂൽ പഞ്ചായത്തുമായും ബന്ധപ്പെടുന്ന അല്പഭാഗം മാത്രമേ വലയം ഒഴിച്ചു നിർത്തുന്നുള്ളൂ. പുഴകളും കടലുമായി ബന്ധപ്പെടുന്ന നിരവധി തോടുകൾ സമതലത്തിലുണ്ട്. പഞ്ചായത്തിനെ

രണ്ടു ഭാഗമാക്കുന്ന സുൽത്താൻ തോട്. 5 കീ.മീറ്റർ കടൽത്തീരമുണ്ട് മാടായി ഗ്രാമപഞ്ചായത്തിന്. സമുദ്രസാമീപ്യവും പുഴകളുടെ ബന്ധവും പ്രദേശത്തെ ജലത്തിന് ലവണരസം പകരുന്നു.മാടായിപ്പറയിലും പ്രദേശത്തും ശുദ്ധജലം ലഭിക്കുന്നു.

നിലവിലുള്ള അവസ്ഥ

മാടായി ഗ്രാമപഞ്ചായത്തിൽ ആകെ 4250 കർഷകരാണുള്ളത് ആയതിൽ 2150 പുരുഷൻമാരും, 2100 സ്ത്രീകളുമാണ്. സ്വന്തം ഭൂമിയുള്ള കർഷകർ 2078 പുരുഷൻമാരും 2092 സ്ത്രീകളുമാണ്. പാട്ടകൃഷി ചെയ്യുന്ന 80 കർഷകരുണ്ട്. പഞ്ചാത്തിലെ അടുത്തില, വെങ്ങര വയലപ്ര, മൂലക്കീൽ, ചൂട്ടാട്, മാട്ടൂൽ നോർത്ത്, പഴയങ്ങാടി ചെങ്ങൽ എന്നീ സ്ഥലങ്ങളിൽ ചെറുനീർത്തടങ്ങളുണ്ട്. മുമ്പത്തെകാളും പച്ചക്കറി കൃഷിക്ക് ജനങ്ങൾ കൂടുതൽ താല്പര്യം കാണിച്ചു വരുന്നുണ്ട്.

ഈ പഞ്ചായത്തിലെ കൃഷിഭവൻ പഞ്ചായത്ത് ബിൽഡിംഗിന്റെ താഴത്തെ നിലയിൽ സ്ഥിതിചെയ്യുന്നു. ഒരു അഗ്രികൾച്ചറൽ ഓഫീസറും 4 അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരും ഈ ഓഫീസിലുണ്ട്. കൃഷിഭവന്റെ കീഴിൽ 5 പാടശേഖരസമിതികൾ പ്രവർത്തിച്ചുവരുന്നു. വടക്കേചാൽ പാടശേഖരസമിതി , എടത്തിൽ പാടശേഖരസമിതി, കിഴക്കേകരകാവ് പാടശേഖരസമിതി, വാടിക്കൽ പാടശേഖരസമിതി, കാവിൻതാഴെ പാടശേഖരസമിതി, എന്നിവയാണ് പാടശേഖര സമിതികൾ,

SL NO	NAME OF CROP	2023			
		AREA HA	AREA HA	PRODUCTION (MT)	PRODUCTIVITY (Kg/Ha)
1	നെൽകൃഷി	49	34	119	3500
2	കരനെൽകൃഷി	0	0	0	0
3	പച്ചക്കറി കൃഷി	12	17	136	8000
4	തെങ്ങ് കൃഷി	1105	1165	132.5 lakh	65 Nuts/Palm
5	വാഴകൃഷി	3	6	120	20000
6	കുരുമുളക് കൃഷി	3	3	1.05	350
7	കവുങ്ങ് കൃഷി	5	2	6	3000
8	കശുമാവ് കൃഷി	30	5	5	1000
9	കിഴങ്ങ് വർഗ്ഗ വിളകൾ	2	8	96	12000
10	റബ്ബർ	0	0	0	0
11	മാങ്ങകൃഷി	5	5	20	4000

വികസന വിടവുകൾ/വെല്ലുവിളികൾ

പദ്ധതി വിഹിതത്തിന്റെ 20% തുക ഉൽപാദനമേഖലയിലാണ് ചെലവഴിക്കുന്നത്. കാർഷിക മേഖലയിൽ നെല്ല് കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, തെങ്ങിന് ജൈവവളം, സുഭിക്ഷ കേരളം ഫവല്യക്ഷ തൈവിതരണം, സുഭിക്ഷ കേരളം വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, കൃഷിക്കൂട്ടങ്ങളുടെ പച്ചക്കറി കൃഷി വികസനം തുടങ്ങിയ ഒട്ടേറെ ഉൽപ്പന്ന വർദ്ധനവിന് സഹായകമാകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾ എല്ലാ കാലാവസ്ഥയിലും വിറ്റഴിക്കുന്നതിന് മാർക്കറ്റ് സംവിധാനം നിലവിലില്ല. സ്ഥിരം മാർക്കറ്റ് സംവിധാനം കൊണ്ടുവരുകയാണെങ്കിൽ കർഷകർക്ക് നല്ല വരുമാനം മാർഗ്ഗം കണ്ടെത്താവുന്നതാണ്.

പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും

1. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമല്ല
2. കാർഷിക സംഭരണ കേന്ദ്രം പഞ്ചായത്തിലില്ല.
3. ഉപ്പു വെള്ളം കയറുന്നു. വിസിബി നിർമ്മിക്കണം
4. മണ്ണ് പരിശോധിച്ച് കൃഷി ചെയ്യുന്ന രീതി പല കർകരും അവലംബിക്കുന്നു.
5. കൂലി, വളം എന്നിവയിലുള്ള വില വർദ്ധനവ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
6. കാർഷിക മേഖല ഉപജീവനായി ജോലി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു.
7. കൃഷി പ്രായേണ നഷ്ടമായി കൊണ്ടിരിക്കുന്നു.

പരിഹാര സാധ്യതകൾ

1. എല്ലാ വീടുകളിലും അടുക്കളതോട്ടം
2. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി
3. എല്ലാ വീടുകളിലും പഴവർഗ്ഗ തൈകൾ വിതരണം ചെയ്യുക
4. 3 വർഷം കൊണ്ട് കായ്ക്കുന്ന കുറിയ ഇനങ്ങൾ തെങ്ങിൻതൈ നൽകുക
5. സാധ്യതയുള്ള സ്ഥലത്ത് വർഷം മുഴുവനും പച്ചക്കറി കൃഷി ചെയ്യാനുള്ള സംവിധാനം ഒരുക്കുക.
6. കൃഷികൾക്ക് പുതിയ സാങ്കേതിക വിദ്യയെ അടുത്തറിയാൻ പഠനയാത്ര സംഘടിപ്പിക്കുക.

ഫോറം 3

പതിനാലാം പഞ്ചവത്സര പദ്ധതി

പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

തദ്ദേശഭരണ സ്ഥാപനത്തിന്റെ: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ് പേര്: കൃഷി അനുബന്ധം

വാർഷിക പദ്ധതി: 2023 – 2024

ക്രമനമ്പർ	പ്രശ്നങ്ങൾ	പ്രശ്നബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത () ചെയ്യുക			പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവുളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവുളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രശ്നങ്ങൾ എന്തെല്ലാം ?			
			ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ	കീഴ്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾതട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1	വന്യ മൃഗാക്രമണവും , കാലാവസ്ഥ അടിക്കടി മാറിമറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥ വ്യതിയാനവും			ഗുരുതരം			കർഷകർക്ക് ആവശ്യമുള്ള കൃഷിയിടങ്ങളിൽ വന്യ മൃഗങ്ങളിൽ നിന്ന് കൃഷിയെ രക്ഷപ്പെടുത്താൻ മുള്ളുവേലി കെട്ടാനുള്ള ധന സഹായം .തൊഴിലുറപ്പ് ജോലിയിൽ കർഷകർക്ക് ആവശ്യമുള്ള ജോലികൾ ഉൾപ്പെടുത്തുക.			

വികസന ലക്ഷ്യങ്ങളും/തന്ത്രങ്ങളും

2023-24 വികസനവികസന ലക്ഷ്യത്തിൽ ഉൾപ്പെട്ട കാർഷിക ഉപകരണങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് കുടുംബശ്രീ മുഖേന പോർട്ടബിൾ വിപണന കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം മാസാന്തര ചന്ത നല്ല രീതിയിൽ നടത്തുന്നതിന് സാധിക്കുന്നുണ്ട്.

കൃഷി സ്ഥലങ്ങളിലേക്ക് ഉപ്പ് വെള്ളം കയറുന്നതിന് തടയിടാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. നാളികേര കൃഷിയിൽ നിലവിൽ ഉണ്ടാക്കാൻ സാധിച്ച പുരോഗതി നിലനിർത്തേണ്ടതുണ്ട്. തരിശ് പച്ചക്കറി കൃഷി ഇനിയും വ്യാപിപ്പിക്കേണ്ടതുണ്ട്. കൃഷിയുടെ നൂതന സാങ്കേതിക വിദ്യകൾ കൂടുതലായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഫോറം എ

പതിനാലാം പഞ്ചവത്സര പദ്ധതി

2024-25 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷി

ക്രമ നമ്പർ	മേഖല/ ഉപമേഖല	പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്)	സൂചിക	ഇപ്പോഴത്തെ അവസ്ഥ	2027 ലെ ലക്ഷ്യം (14-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്)	2022-23 ൽ കൈവരിച്ച നേട്ടം	2023-24 ൽ പ്രതീക്ഷിക്കുന്ന നേട്ടം	2024-25 ലെ ലക്ഷ്യം	ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
1	കൃഷി	സമ്പൂർണ്ണ നെൽകൃഷി വികസനം		മുൻ കലങ്ങളെ അപേക്ഷിച്ച് കർഷകർ കൃഷിയിലേക്കിറങ്ങുന്നില്ല (കാലാവസ്ഥ വ്യതിയാനം വന്യ മൃഗാക്രമണം എന്നിവ കാരണം)	സമ്പൂർണ്ണ നെൽകൃഷി	സാധാരണ ചെയ്യാറുള്ള കൃഷി നിലനിർത്തി (32ha)	തരിശ് രഹിത പഞ്ചായത്ത് (30 ha)	സമ്പൂർണ്ണ നെൽകൃഷി	1)പാടശേഖര സമിതി മുഖാന്തിരം മുള്ളു വേലി കെട്ടൽ 2)മഞ്ച നിർമ്മാണം 3)തൊഴിലാളി ക്ഷാമം പരിഹരിക്കൽ
2	കൃഷി	തെങ്ങു കൃഷി പരിപാലനം		തെങ്ങിന് ജൈവ വളം വിതരണത്തിൽ മിക്കവാറും എല്ലാവരും തന്നെ പ്രയോജനപ്പെടുത്തി.കൂടാതെ രോഗം വന്ന തെങ്ങ് മുറിച്ച് മാറ്റുകയും ചെയ്തു	സമ്പൂർണ്ണ തെങ്ങു കൃഷി പരിപാലനം	പരമാവധി കേര കർഷകർക്ക് ധന സഹായം	കേര പരിപാലനം	സമ്പൂർണ്ണ കേര കൃഷി	1)തേങ്ങാസംഭരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും 2) തൊഴിലാളി ക്ഷാമം പരിഹരിക്കലും

ഫോറം 4

പതിനാലാം പഞ്ചവത്സര പദ്ധതി

മുൻവാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

(പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടെ)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷി

വർഷം : 2022 – 2023

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCP/ TSP	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		നേട്ടം		പ്രതീക്ഷിച്ച പ്രയോജനം	കൈവരിച്ച യഥാർത്ഥ പ്രയോജനം
						സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം		
1		നെൽ കൃഷിക്ക് വിത്തും കൂലിച്ചെലവും	NEW	GEN	പൂർത്തീകരിച്ചു	1406400		1406400			
2		തെങ്ങിന് ജൈവ വളം രോഗ ബാധിത തെങ്ങുകൾ മുറിച്ചു മാറ്റി പകരം നടൽ	NEW	GEN	പൂർത്തീകരിച്ചു	3800000		3800000			
3		ഞങ്ങളും കൃഷിയിലേക്ക് - 20 ഏക്കർ സ്ഥലത്ത് പുതുതായി പച്ചക്കറി കൃഷി കൃഷി	NEW	GEN	പൂർത്തീകരിച്ചു	220000		220000			
4		പട്ടിക ജാതിക്കാർക്ക് കുറ്റി കുരുമുളക് തൈ വിതരണം	NEW	GEN	പൂർത്തീകരിച്ചു	50000		50000			

സംയോജന സാധ്യതകൾ

പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് മാടായിപ്പാറയിൽ ബൂത്ത് സ്ഥാപിച്ചതിനാൽ ഉല്പന്നങ്ങൽ വില്ക്കുന്നതിന് സംവിധാനം നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് ഒരാശ്വാസമാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോട് കൂടി തരിശ്ശായ ഒട്ടേറെ ഹെക്ടർ പ്രദേശങ്ങൾ കൃഷിക്ക് ഉപയോക്തമാക്കാൻ സാധിച്ചിട്ടുണ്ട്.

ക്ഷീര മേഖലയിലെ വികസനവും കാർഷിക മേഖലയെ ത്വരിതപ്പെടുത്തുന്നുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതവും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതവും കാർഷികമേഖലയിലെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷി

വർഷിക പദ്ധതി : 2022–2023

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
1	21	നെൽകൃഷിക്ക് കൂലിച്ചെലവ്	New	Gen	491500		491500		പൂർത്തീകരിച്ചു
2	22	തെങ്ങ് കൃഷിക്ക് ജൈവവളവും കുമ്മായ വിതരണവും	New	Gen	2188800				തുടരുന്നു
3	23	സുഭിക്ഷ കേരളം – ഫലവൃക്ഷ തൈ വിതരണം	New	Gen	180000				തുടരുന്നു
4	24	സുഭിക്ഷ കേരളം – വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വികസനം	New	Gen	111000		111000		പൂർത്തീകരിച്ചു
5	246	കൃഷിക്കൂട്ടങ്ങളുടെ പച്ചക്കറി കൃഷി വികസനം	New	Gen	125000				തുടരുന്നു

ഫോറം 6

പതിനാലാം പഞ്ചവത്സര പദ്ധതി

ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷി

2023–24 വാർഷിക പദ്ധതി

ക്രമനം	നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ പേര്	ലക്ഷ്യങ്ങൾ എന്തെല്ലാം	ഗുണഭോക്തൃ വിഭാഗം, എണ്ണം, ഗുണഭോക്തൃ പ്രദേശം ഏത്	പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം? എത്ര അളവിൽ(2)	വികസന ഫണ്ട്	മെയിന്റനൻസ് ഫണ്ട്	തനത് ഫണ്ട്	കേന്ദ്രാവിഷ്കൃതം	സംസ്ഥാനാവിഷ്കൃതം	വായ്പ	ഗുണഭോക്തൃവിഹിതം	മറ്റുള്ളവ	ആകെ അടങ്കൽ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
	നെൽ കൃഷിക്ക് കൂലി ചിലവ് നൽകല്	കൂലി ചെലവ്	മാടായി	കൂലി ചെലവ്	800000	0	0	0	00	0	800000	0	1600000
	സുഭിക്ഷകേരളം- വീട്ട് വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം	പച്ചക്കറി കൃഷി പ്രോത്സാഹനം	മാടായി	പച്ചക്കറി കൃഷി വിത്ത് വിതരണം, ചെടി	150000	0	0	0	0	0	30000	0	180000
	സുഭിക്ഷ കേരളം- ഇടവിളകൃഷി പ്രോത്സാഹനം ചേന ഇഞ്ചി മഞ്ഞൾ തുടങ്ങിയവയുടെ വിത്ത് നൽകല്	ഇടവിളകൃഷി പ്രോത്സാഹനം	മാടായി	ഇടവിളകൃഷി	200000	0	0	0	0	0		0	200000
	സുഭിക്ഷകേരളം- ഫലവൃക്ഷ തൈകൾ വിതരണം	ഫലവൃക്ഷ തൈകൾ പ്രോത്സാഹനം	മാടായി	ഫലവൃക്ഷ തൈകൾ വിതരണം	120000	0	0	0	0	0	40000	0	160000

മൃഗസംരക്ഷണവും
ക്ഷീരവികസനവും

ആമുഖം

ക്ഷീരോൽപാദക മേഖലയിൽ മികച്ച പാരമ്പര്യം അവകാശപ്പെടുന്ന ഒരു പഞ്ചായത്താണ്. ഉൽപ്പാദന ക്ഷമതയുള്ള കന്നുകാലികളെ വളർത്തുന്നതിന് പ്രോത്സാഹനം നൽകി പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര സംഘം മുഖേന കാലിത്തീറ്റ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പഞ്ചായത്തിന്റെ കീഴിൽ വെങ്ങര ആസ്ഥാനമാക്കി ഒരു മൃഗാശുപത്രിയും, പുതിയങ്ങാടിയിൽ ഒരു സബ് സെന്ററും പ്രവർത്തിച്ചു വരുന്നു. കൂടാതെ ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ, ക്ഷീര സംഘം മുഖേല കാലിത്തീറ്റ വിതരണം, പട്ടികജാതി വിഭാഗക്കാർക്ക് കാലിത്തീറ്റ സബ്സിഡി, പെണ്ണാട് വിതരണം മുട്ടക്കോഴി വിതരണം, പശുകിടാരി വിതരണം എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നുണ്ട്. പശു, ആട്, മുട്ടക്കോഴി, എന്നിവ മുഖ്യതൊഴിലായി ഏറ്റെടുത്ത് നടത്തുന്ന ഒരുപാട് കർഷകർ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്.

നിലവിലുള്ള അവസ്ഥ

മാടായി ഗ്രാമപഞ്ചായത്ത് ക്ഷീരോൽപാദക മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു, കന്നുകുട്ടി പരിപാലനത്തിലൂടെ കർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തുന്നതിനും പുതിയ കർഷകരെ ഇതിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചു. പെണ്ണാട് വിതരണം മുട്ടക്കോഴി വിതരണം, പശുകിടാരി വിതരണം വിതരണത്തിലൂടെ സ്ത്രീകൾക്ക് വരുമാനം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിയിലൂടെ രോഗം മൂലം കർഷകർക്കുള്ള അധിക ചെലവ് കുറക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വികസന വിടവുകൾ വെല്ലുവിളികൾ

കോഴി, ആട്, കന്നുകുട്ടി തുടങ്ങിയവയിൽ വരുമാനം വർദ്ധനവുണ്ടായിട്ടുണ്ട്. പാൽ, മുട്ട എന്നിവയിൽ കഴിഞ്ഞ കാലയളവിലേക്കാലും വർദ്ധനവുണ്ടായിട്ടുണ്ട്.

കൂടുതൽ ആളുകളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പദ്ധതികൾ എല്ലാ വർഷവും നടപ്പിലാക്കേണ്ടതാണ്

1. കന്നുകുട്ടികൾക്ക് സൗജന്യ ഇൻഷുറൻസ്
2. കറവപശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ

3. കർഷകർക്ക് തീറ്റപുൽകൃഷിക്കാവശ്യമായ സഹായങ്ങൾ കൃഷിവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുക
4. കാലിത്തൊഴുത്ത് നിർമ്മാണം, ചാണകക്കുഴി നിർമ്മാണം, മുട്ടക്കോഴി കൂട് നിർമ്മാണം
5. ഉൽപാദന ചെലവിന് ആനുപാതികമായി പാൽ വില ലഭിക്കാതെ വരുമ്പോൾ പാലിന്റെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക.
6. ആധുനികവും ശാസ്ത്രീയവുമായ അറവുശാലകളും, ശുദ്ധമായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പാക്കണം. ഉല്പന്നങ്ങൾ സംഭരിച്ച് സംസ്കരിക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കണം.

പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും

1. കന്നുകുട്ടികൾക്ക് സൗജന്യ ഇൻഷുറൻസ്
2. കന്നുകുട്ടികൾ സബ്സിഡി നിരക്കിൽ തീറ്റ.
3. തീറ്റ ചെലവ് കുറയിക്കുക.
4. ചികിത്സാ ചെലവ് കുറയ്ക്കുക.

ഫോറം 3

പതിനാലാം പഞ്ചവത്സര പദ്ധതി

പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

തദ്ദേശഭരണ സ്ഥാപനത്തിന്റെ: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ് പേര്: മൃഗസംരക്ഷണവും ക്ഷീരവികസനവും

വാർഷിക പദ്ധതി: 2023 – 2024

ക്രമനമ്പർ	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത () ചെയ്യുക			പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവുളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവുളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രശ്നങ്ങൾ എന്തെല്ലാം ?			
			ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ	കീഴ്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾതട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1	വർദ്ധിച്ച ഉല്പാദന ചെലവ്	ക്ഷീര കർഷകർ	✓			കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവ്, കാലിത്തീറ്റയുടെ ഗുണമേന്മ കുറവ്, വേനൽകാലത്ത് പാലുൽപ്പാദന കുറവ്	കറവപ്പശുക്കൾക്ക് തീറ്റ സബ്സിഡി/ പാലിന് ഇൻസെന്റീവ്, പശുക്കൾക്ക് വേനൽക്കാല സംരക്ഷണ പദ്ധതി, കന്നുകുട്ടി പരിപാലനം		കറവപ്പശുക്കൾക്ക് തീറ്റ സബ്സിഡി	കറവപ്പശുക്കൾക്ക് തീറ്റ സബ്സിഡി/ പാലിന് ഇൻസെന്റീവ്, ധാതുലവണം വിരമരുന്ന് വിതരണം, കന്നുകുട്ടി പരിപാലനം
2	കന്നുകാലികളുടെ അപ്രതീക്ഷ മരണം, രോഗങ്ങൾ, ഉയർന്ന ചികിത്സ ചെലവ്	ക്ഷീര കർഷകർ	✓			വന്യമൃഗങ്ങൾ (കീരി, കുറുക്കൻ, തെരുവ്നായ) അക്രമങ്ങൾ, രോഗങ്ങൾ (റാബീസ്), വേനൽക്കാലത്ത് സൂര്യാഘാതം, ഇൻഷുറൻസ് പരിരക്ഷ ഇല്ലായ്മ, മരുന്നുകളുടെ വില വർദ്ധനവ്.	മൃഗാശുപത്രിയിൽ മരുന്ന് വാങ്ങൽ പദ്ധതി			സർക്കാർ തലത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കൽ, മരുന്ന് ലഭ്യമാക്കൽ, തെരുവ്നായ, വന്യമൃഗങ്ങളുടെ നിയന്ത്രണം,സൗജന്യ ഇൻഷുറൻസ് പരിരക്ഷ
3	തെരുവ്നായ,കുറുക്കൻ, കീരി ശല്യം		✓			തെരുവ് നായ, കുറുക്കൻ എന്നിവയുടെ പെരുപ്പം, മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നു.	ശാസ്ത്രീയമായ മാലിന്യ സംഭരണ സംസ്ക്കരണ സംവിധാനം ഉണ്ടാക്കണം			തെരുവുനായ നിയന്ത്രണ പദ്ധതി വിപുലീകരിക്കുക (എബിസി)

2024-25 വികസന ലക്ഷ്യങ്ങളും/തന്ത്രങ്ങളും

കന്നുകുട്ടി പരിപാലനം, പശുക്കൾക്ക് ധാതുലവണം വിരമരുന്ന്, പാലിന് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി കറവപ്പശുക്കളെ ലഭ്യമാക്കൽ പ്രതിദിനം 50 ലിറ്റർ പാൽ വർദ്ധനവ് പാൽ ഉൽപ്പാദന വർദ്ധനവും, മുട്ടകോഴി വിതരണത്തിലൂടെ 3000 എണ്ണം പ്രതിദിന മുട്ടയുൽപ്പാദന വർദ്ധനവ് വികസനം ലക്ഷ്യമിടുന്നതും വെങ്ങര മൃഗാശുപത്രിയും പുതിയങ്ങാടി സബ്സെന്ററിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ക്ഷീരസംഘം മുഖേന കാലിത്തീറ്റ വിതരണം , പട്ടികജാതിക്കാർക്ക് കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ഡയറിഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കുന്ന പദ്ധതി തുടരേണ്ടതുണ്ട്.

ഫോറം എ

പതിനാലാം പഞ്ചവത്സര പദ്ധതി

2024-25 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: മൃഗസംരക്ഷണവും ക്ഷീരവികസനവും

ക്രമ നമ്പർ	മേഖല/ ഉപമേഖല	പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്)	സൂചിക	ഇപ്പോഴത്തെ അവസ്ഥ	2027 ലെ ലക്ഷ്യം (14-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്)	2022-23 ൽ കൈവരിച്ച നേട്ടം	2023-24 ൽ പ്രതീക്ഷിക്കുന്ന നേട്ടം	2024-25 ലെ ലക്ഷ്യം	ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
1		പോഷകാഹാരം മെച്ചപ്പെടുത്തൽ	പാലുൽപ്പാദന വർദ്ധനവ്			പ്രതിദിനം 240 ലിറ്റർ പാൽ വർദ്ധനവ്	5 കറവപ്പശുക്കളെ ലഭ്യമാക്കി പ്രതിദിനം 60 ലിറ്റർ പാൽ വർദ്ധനവ്	പ്രതിദിനം 50 ലിറ്റർ പാൽ വർദ്ധനവ്	കന്നുകുട്ടി പരിപാലനം, പശുക്കൾക്ക് ധാതുലവണം വിരമരുന്ന്, പാലിന് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി
2			മുട്ട ഉൽപാദനത്തിൽ വർദ്ധനവ്			2400 എണ്ണം പ്രതിദിന മുട്ടയുൽപ്പാദന വർദ്ധനവ്	2400 എണ്ണം പ്രതിദിന മുട്ടയുൽപ്പാദന വർദ്ധനവ്	3000 എണ്ണം പ്രതിദിന മുട്ടയുൽപ്പാദന വർദ്ധനവ്	600 പേർക്കു 5 വീതം മുട്ടക്കോഴികളെ സബ്സിഡിയിൽ വിതരണം ചെയ്യൽ

ഫോറം 4

പതിനാലാം പഞ്ചവത്സര പദ്ധതി

മുൻവാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

(പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടെ)

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: മൃഗസംരക്ഷണവും ക്ഷീരവികസനവും

വർഷം : 2022 – 2023

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCP/ TSP	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		നേട്ടം		പ്രതീക്ഷിച്ച പ്രയോജനം	കൈവരിച്ച യഥാർത്ഥ പ്രയോജനം
						സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം		
1	75/23	കറവപ്പശു വിതരണം	NEW	GEN	പൂർത്തീകരിച്ചു	1200000	20 പേർക്ക്	1200000	20 പേർക്ക്	20 കറവപ്പശുക്കളെ ലഭ്യമാക്കൽ പ്രതിദിനം 240 ലിറ്റർ പാൽ വർദ്ധനവ്	20 കറവപ്പശുക്കളെ പഞ്ചായത്തിൽ പുതുതായി ലഭ്യമാക്കി
2	74/23	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	NEW	GEN	പൂർത്തീകരിച്ചു	600000	24 പേർക്ക്	600000	24 പേർക്ക്	2025 ആകുമ്പോഴേക്കും 24 കറവപശുക്കളെ വിഭാവനം ചെയ്യുന്നു.	നിലവിൽ 24 കന്നുകുട്ടികൾക്ക് സബ്സിഡി കാലിത്തീറ്റ ലഭിച്ചു വരുന്നു.
3	77/23	പശുക്കൾക്ക് ധാതുലവണം വിരമരുന്ന് വിതരണം	NEW	GEN	പൂർത്തീകരിച്ചു	50000	150 പേർക്ക്	50000	150 പേർക്ക്	പാലുൽപ്പാദന ചെലവ് കുറക്കുക. പാലുൽപ്പാദനം വർദ്ധിപ്പിക്കുക	പാലുൽപ്പാദന ചെലവ് കുറച്ചു.
4	6/23	മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ	NEW	GEN	പൂർത്തീകരിച്ചു		രുന്ന്	250000	250000 രൂപയുടെ മരുന്ന്	മൃഗങ്ങളിലെ അസുഖങ്ങൾക്ക് മരുന്ന് സൗജന്യമായി നൽകുക വഴി ചികിത്സ ചെലവ് കുറക്കുക	മൃഗങ്ങളിലെ അസുഖങ്ങൾക്ക് മരുന്ന് സൗജന്യമായി നൽകുക വഴി ചികിത്സ ചെലവ് കുറക്കാൻ സാധിച്ചു.
5	76/23	മുട്ടക്കോഴി വിതരണം	NEW	GEN	പൂർത്തീകരിച്ചു	312000	480 പേർക്ക്	312000	480 പേർക്ക്	മുട്ട ഉൽപ്പാദന വർദ്ധവ്	മുട്ട ഉൽപാദനം വർദ്ധിച്ചു

സംയോജന സാധ്യതകൾ

മൃഗസംരക്ഷണ മേഖലയിൽ ഉൽപാദന മേഖലയിൽ കൂടുതൽ സ്വയം പര്യാപ്തത നേടാനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. തെരുവുനായ നിയന്ത്രണ പദ്ധതി വിപുലീകരിക്കുക (എബിസി), സർക്കാർ തലത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കൽ, മരുന്ന് ലഭ്യമാക്കൽ, തെരുവ്നായ, വന്യമൃഗങ്ങളുടെ നിയന്ത്രണം,സൗജന്യ ഇൻഷുറൻസ് പരിരക്ഷ എന്നീ സാധ്യതകളും നടപ്പിലാക്കേണ്ടതുണ്ട്. കൃഷിവകുപ്പ്, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവരുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കന്നുകൂട്ടി പരിപാലനം കർഷകർക്കാവശ്യമായ ഉപകരണങ്ങൾ നൽകൽ തുടങ്ങിയവ സംസ്ഥാന ആവിഷ്കൃത പദ്ധതികളുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ഫോറം 5

പതിനാലാം പഞ്ചവത്സര പദ്ധതി

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: മൃഗസംരക്ഷണവും ക്ഷീരവികസനവും

വർഷിക പദ്ധതി : 2023–2024

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	SO/ NEW	GEN/ SCSP/ TSP	ലക്ഷ്യം		നേട്ടം		പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ
					സാമ്പത്തികം (രൂപ)	ഭൗതികം	സാമ്പത്തികം (രൂപ)	ഭൗതികം	
1		പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	NEW	GEN	300000	24 കന്നുകുട്ടികൾക്ക് തീറ്റ	300000		റിവിഷൻ ആവശ്യമായ പദ്ധതി
2	12/25	പശുക്കൾക്ക് ധാതുലവണം വിരമരുന്ന്	NEW	GEN	50000	150 പേർക്ക്	5000	40 പേർക്ക്	പൂർത്തീകരിച്ചു
3	14/24	കറവപ്പശു വിതരണം	NEW	GEN	300000	5 പേർക്ക്			നിർവ്വഹണ ഘട്ടത്തിലാണ്
4	11/24	മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ	NEW	GEN	250000	250000 രൂപയുടെ മരുന്ന്	250000	250000 രൂപയുടെ മരുന്ന്	250000 രൂപയുടെ മരുന്ന് വാങ്ങി പൂർത്തീകരിച്ചു
5	16/24	മുട്ടക്കോഴി വിതരണം	NEW	GEN	312000	480 പേർക്ക്			നിർവ്വഹണ ഘട്ടത്തിലാണ്
6	17/24	പശുകിടാരി വിതരണം	NEW	GEN	270000	15 പേർക്ക്			നിർവ്വഹണ ഘട്ടത്തിലാണ്
7	15/24	പെണ്ണാട് വിതരണം	NEW	GEN	400000	20 പേർക്ക്			നിർവ്വഹണ ഘട്ടത്തിലാണ്

ഫോറം 6

പതിനാലാം പഞ്ചവത്സര പദ്ധതി

ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാടായി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷി 2024–25 വാർഷിക പദ്ധതി

ക്രമനം	നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ പേര്	ലക്ഷ്യങ്ങൾ എന്തെല്ലാം	ഗുണഭോക്തൃ വിഭാഗം, എണ്ണം, ഗുണഭോക്തൃ പ്രദേശം ഏത്	പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം? എത്ര അളവിൽ(2)	വികസന ഫണ്ട്	മെയിന്റനൻസ് ഫണ്ട്	തനത് ഫണ്ട്	കേന്ദ്രാവിഷ്കൃതം	സംസ്ഥാനാവിഷ്കൃതം	വായ്പ	ഗുണഭോക്തൃവിഹിതം	മറ്റുള്ളവ	ആകെ അടങ്കൽ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
1	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	കന്നുകുട്ടികൾക്ക് സബ്സിഡി കാലിത്തീറ്റ നൽകുക വഴി 2026 ആകുമ്പോഴേക്കും കറവപ്പശുക്കളെ വിഭാവനം ചെയ്യുന്ന പദ്ധതി	മാടായി		150000				150000		300000		600000
2	പശുക്കൾക്ക് ധാതുലവണം വിരമരുന്ന്	പാലുൽപ്പാദന ചെലവ് കുറക്കുക. പാലുൽപ്പാദനം വർദ്ധിപ്പിക്കുക	മാടായി			50000							50000
3	പെണ്ണാട് വിതരണം	മാംസോൽപ്പാദന വർദ്ധനവ്, വരുമാന വർദ്ധനവ്	മാടായി		200000						200000		400000
4	മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ	മൃഗങ്ങളിലെ അസുഖങ്ങൾക്ക് മരുന്ന് സൗജന്യമായി നൽകുക വഴി ചികിത്സ ചെലവ് കുറക്കുക	മാടായി			250000							250000
5	മുട്ടക്കോഴി വിതരണം	മുട്ടയുൽപാദനം വർദ്ധിപ്പിക്കുക	മാടായി		360000						30000		390000

പ്രാദേശിക

സാമ്പത്തികവികസനം (ചെറുകിട വ്യവസായം സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)

ആമുഖം

വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് മാടായി പഞ്ചായത്ത്. പ്രദേശികസമ്പത്തികവികസനത്തിന്റെ ഭാഗമായി കുടുംബശ്രീ വിപണനമേളകളാണ് നാളിതുവരെ നടത്തിവരുന്നത്. എന്നാൽ 2022 ൽ ആരംഭിച്ച ഇയർ ഓഫ് എന്റർ പ്രൈസസ് ഭാഗമായി നിരവധി തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സാധിച്ചു.

നിലവിലുള്ള അവസ്ഥ

ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന ലക്ഷ്യത്തോടു കൂടി കേരള ഗവൺമെന്റ് 2022 ൽ ആരംഭിച്ച പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളിലും വ്യവസായ വകുപ്പന്റെ പ്രതിനിധിയുടെ മേൽനോട്ടത്തിൽ 166 തൊഴിൽ സംരംഭം തുടങ്ങുകയും അതിലൂടെ ഒരുപാട് ജനങ്ങൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സാധിച്ചു. പ്രസ്തുത പദ്ധതി വിവിധ വകുപ്പുകളിൽ നിന്നുള്ള സംരംഭ സഹായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 13 സ്ത്രീ സംരംഭകൾക്ക് സ്വയം തൊഴിൽ സഹായം അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതികൾ സ്ത്രീശാക്തീകരണം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ മാടായി മാടായി ക്ഷീരോൽപാദന സഹകരണ സംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഇന്ന് കൂടുതൽ ജനങ്ങളും നിർമ്മാണ പ്രവൃത്തികളിലാണ്. സ്തീകളിലധികവും തൊഴിലുറപ്പ് പദ്ധതി വഴി ജീവിതം മുന്നോട്ട് കൊണ്ട് പോകുന്നു. ഇന്ന് 202 അയൽക്കൂട്ടങ്ങളും 42 ജെ എൽ ജി ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു.

ഇന്ന് കുടുംബശ്രീ മുഖേന സ്ത്രീശാക്തീകരണത്തിന് വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. കുടുംബശ്രീകളിലൂടെ 66 ഓളം ചെറുകിട സംരഭങ്ങളും വ്യവസായ വകുപ്പിന്റെ പ്രതിനിധിയുടെ മേൽനോട്ടത്തിൽ 166 തൊഴിൽ സംരംഭം തുടങ്ങുകയും അതിലൂടെ ഒരുപാട് ജനങ്ങൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സാധിച്ചു.

വ്യക്തിഗതമായും സ്വയംസഹായ സംഘങ്ങൾ രൂപികരിച്ചും ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് സഹായം നൽകി. ഇവരെ പ്രോൽസാഹിപ്പിക്കേണ്ടതും പുനരധിവസിപ്പിക്കേണ്ടതുമാണ്. കുടുംബശ്രീ

സംവിധാനത്തിൻ കീഴിൽ 202 അയൽക്കൂട്ടങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. കുടുബശ്രീ ജനകീയ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു.

വികസന വിടവുകൾ/വെല്ലുവിളികൾ

